## III. ചരമോപചാരം

മി. സ്പീക്കർ: ഓർഡർ........... ഓർഡർ............

പി. രാജു

മുൻ നിയമസഭാംഗവും മുതിർന്ന സി. പി. ഐ. നേതാവുമായിരുന്ന പി. രാജു 2025 ഫെബ്രുവരി 27-ന് അന്തരിച്ചു. സ്വാതന്ത്ര്യസമര സേനാനിയും മുൻനിയമസഭാംഗവുമായ എൻ. ശിവൻപിള്ളയുടെയും സി. ചെല്ലമ്മയുടെയും മകനായി 1951 ജൂലൈ 18-ന് ജനിച്ച പി. രാജു വിദ്യാർത്ഥി-യുവജന പ്രസ്ഥാനത്തിലൂടെ പൊതുരംഗത്തെത്തി ഉന്നതപദവികൾ അലങ്കരിച്ച നേതാവായിരുന്നു. എ.ഐ.എസ്.എഫ്-ലൂടെ പൊതുരംഗത്ത് എത്തിയ രാജു എ.ഐ.വൈ.എഫ്. ജില്ലാ പ്രസിഡന്റായും സംസ്ഥാന ഭാരവാഹിയായും പ്രവർത്തിച്ചു. രണ്ടുതവണ സി.പി.ഐ. എറണാകുളം ജില്ലാ സെക്രട്ടറിയായ പി. രാജു തുടർന്ന് സി.പി.ഐ. സംസ്ഥാന കൗൺസിലിലേക്കും എ.ഐ.ടി.യു.സി. ദേശീയ കൗൺസിലിലേക്കും തിരഞ്ഞെടുക്കപ്പെട്ടു. നിലവിൽ എ.ഐ.ടി.യു.സി. സംസ്ഥാന വൈസ് പ്രസിഡന്റായിരുന്ന അദ്ദേഹം വിവിധ ട്രേഡ്

യൂണിയനുകളുടെ ഭാരവാഹിത്വവും വഹിച്ചിരുന്നു. 1991-ൽ പറവൂർ മണ്ഡലത്തിൽ നിന്ന് ഒൻപതാം കേരള നിയമസഭയിലെത്തിയ പി. രാജു തുടർന്ന് 1996-ൽ പത്താം കേരള നിയമസഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിലും അതേ മണ്ഡലത്തിൽനിന്ന് വിജയിച്ചു. 1998-2001 കാലത്ത് നിയമസഭാ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അധ്യക്ഷനായിരുന്നു. പൊതുജീവിതത്തിൽ ആത്മാർത്ഥതയും അർപ്പണബോധവും ഉറച്ച പ്രതിബദ്ധതയും പ്രകടിപ്പിച്ച നേതാവായിരുന്ന പി. രാജു ട്രേഡ് യൂണിയൻ സംഘാടകനെന്ന നിലയിൽ തൊഴിലാളി വർഗ്ഗത്തിന്റെ പൊതുസ്വീകാര്യത നേടി. പ്രതിബദ്ധത കൈമുതലാക്കിയ മനുഷ്യസ്നേഹിയായ ഒരു നേതാവിനെയാണ് പി. രാജുവിന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റുനിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)